# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.KKD.p6/1839/ 23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KKD.p6/1839/ 23 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 16-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2023 | 24-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2023 | 24-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി രബിത ടി.പി,ഓഡിറ്റ് ഓഫീസർ,

ശ്രീ ദേവാനന്ദ്.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി വിനിത.ടി,ഓഡിറ്റർ,

ശ്രീമതി അപർണ്ണ.ഡി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജിത്ത് പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം പി രജ്ഞലാൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീകല വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഷീന സി എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ദീപ | വി ഇ ഓ | 01-04-2022 | 31-05-2022 |
| മഹേഷ് | വി ഇ ഓ | 01-06-2022 | 31-03-2023 |
| അതുൽ വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| രതീഷ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| അമ്പിളി നാരായണൻ | വെ റ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ബാബു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| നൂർജഹാൻ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ജിനീഷ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2022 | 31-03-2023 |
| ഡോ അരുൺ അഭിലാഷ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ പ്രീത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-07-2022 |
| ഡോ സജിത കോമട്ടിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റ് ഹെഡ്ഡിൽ /അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല | 1-1-5 |
| 7 | ആസ്തികളുടെ Depreciation - Worksheet തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് -പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്ഷേമ പദ്ധതികൾ | 1-6 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 15 | ടാക്സ് ഓഡിറ്റ് | 1-8 |
| 16 | ഉപയോഗ ക്രമം രേഖപ്പെടുത്താതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി | 1-9 |
| 17 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 1-10 |
| 18 | വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകതകൾ | 1-11 |
| 19 | രശീതി ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-12 |
| 20 | ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ട്- പലിശയിനത്തിൽ നഷ്ടം | 1-13 |
| 21 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല . | 1-14 |
| 22 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-15 |
| 23 | സർക്കാർ നിർദ്ദേശപ്രകാരമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല | 1-16 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു | 1-17 |
| 25 | കോൺക്രീറ്റ് റോഡ് നിർമ്മാണം - എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് ഉൾപ്പെടുത്തുന്നു | 1-18 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല | 1-19 |
| 27 | എം.സി.എഫ് കെട്ടിടനിർമ്മാണം പൂർത്തിയായില്ല | 1-20 |
| 28 | തൊഴിലുറപ്പ് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല | 1-21 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾ - കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-22 |
| 30 | ശുചിമുറി സമുച്ചയങ്ങൾ പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തില്ല | 1-23 |
| 31 | മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ്- ക്യാഷ് ബിൽ ഹാജരാക്കിയില്ല | 1-24 |
| 32 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ– സ്പെസിഫിക്കേഷൻ പാലിച്ചില്ല. | 1-25 |
| 33 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ | 1-26 |
| 34 | റിങ് കമ്പോസ്റ്റ് - സ്ഥാപനത്തിന് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി | 1-27 |
| 35 | അംഗൻ വാടികളിൽ ഭക്ഷ്യധാന്യ വിതരണം - സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല | 1-28 |
| 36 | കോക്ലിയർ ഇംപ്ലാന്റേഷൻ - ഗുണഭോക്തൃ ലിസ്റ്റ്, അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-29 |

| | | |
|---|---|---|
| 37 | ജി.ഐ.എസ് മാപ്പിംഗ് സർവ്വേ - ഐ.കെ.എം സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിച്ചില്ല. | 1-30 |
| 38 | ലൈഫ് ഭവന പദ്ധതി- അനുവദിക്കാത്ത വായ്പ തുകയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുന്നു. | 1-31 |
| 39 | ക്ഷേമപെൻഷൻ - അനർഹരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിവിലില്ല | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 11.07.2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 62 എഫ് പ്രകാരം വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ-വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത് 31.03.2023 ന് ആണ്.

**1-1-4 മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റ് ഹെഡ്ഡിൽ /അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.**

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് അനുവദിച്ച 7,00,000/- രൂപ ബാലൻസ് ഷീറ്റിൽ/ അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. (ഖണ്ഡിക 1-19 കൂടി കാണുക)

**1-1-5 സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല**

ബി-14 - ൽ സ്റ്റോക്കിന്റെ ക്ലോസിംഗ് മൂല്യമായ 9,885/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

**1-1-6 ആസ്തികളുടെ Depreciation - Worksheet തയ്യാറാക്കിയിട്ടില്ല.**

ആസ്തികളുടെ Depreciation പരിശോധിക്കുന്നതിനാവശ്യമായ Worksheet തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-7 സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് -പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രികയുടെ ബി.4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് 46,38,911 രൂപയും ബി.17 പ്രകാരമുള്ള നീക്കിയിരിപ്പ് 49,69,637 രൂപയുമാണ്. (വ്യത്യാസം-3,30,726 രൂപ)

**1-2 ബഡ്ജറ്റ്**

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 20.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കപ്പെട്ടു. ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് | പുതുക്കിയ ബഡ്ജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 5,04,77,131 | 64,78,381 |
| വരവ് | 18,47,39,900 | 21,80,30,531 |
| ആകെ | 23,52,17,031 | 22,45,08,912 |
| ചെലവ് | 23,20,35,500 | 21,56,11,231 |
| നീക്കിയിരിപ്പ് | 31,81,531 | 88,97,681 |

**1-3 സാമ്പത്തിക വിശകലനം**

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,24,85,529 |

| | |
|---|---|
| വരവ് | 6,22,34,180 |
| ആകെ | 9,47,19,709 |
| ചെലവ് | 4,40,53,638 |
| നീക്കിയിരിപ്പ് | 5,06,66,071 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,96,17,003 | 2,96,17,003 | 2,60,94,577 | 35,22,426 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8,63,000 | 8,63,000 | 7,86,933 | 76,067 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 57,78,000 | 57,78,000 | 49,46,561 | 8,31,439 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 49,21,000 | 49,21,000 | 29,99,675 | 19,21,325 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ട്രഷറി മുഖേന) | 0 | 17,40,308 | 17,40,308 | 16,86,874 | 53,434 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ( PFMSമുഖേന) | 12,16,192 | 56,56,000 | 68,72,192 | 29,25,176 | 39,47,016 |
| സെൻട്രൽ | 0 | 424762 | 424762 | 283887 | 140875 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMS മുഖേന) | 533482 | 3952355 | 4485837 | 3793942 | 691895 |

വാർഷിക ധനകാര്യ പത്രികയുടെ ബി.4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് 46,38,911 രൂപയും ബി.17 പ്രകാരമുള്ള നീക്കിയിരിപ്പ് 49,69,637 രൂപയുമാണ്. 3,30,726 രൂപയുടെ വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 175 | 99736265 | 138 | 60140290 | 37 | 78.85 % |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,160 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 36,32,000 | 308 |
| വിധവാ പെൻഷൻ | 1,20,66,800 | 1079 |
| വാർദ്ധക്യകാല പെൻഷൻ | 24091000 | 2288 |
| വികലാംഗ പെൻഷൻ | 3072600 | 284 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള | 1053200 | 89 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,220/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്.

### നികുതി പിരിവ്

ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ വസ്തുനികുതിയിൽ കഴിഞ്ഞവർഷത്തെ (21-22) അപേക്ഷിച്ച് ചുവടെ ചേർക്കും പ്രകാരം 1,67,916 രൂപയുടെ കുറവ് കാണുന്നു.

| നികുതിയിനം | 2021-22 | 2022-23 | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 42,11,433 | 40,43,517 | 167916 രൂപയുടെ കുറവ് |

പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

### വസ്തുനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്.

മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

എൻക്വയറി നം3/22-23, തിയതി.18.11.23 ന് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടി പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പതിനേഴ് വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 8,180 കെട്ടിടങ്ങളും പാർപ്പിടേതര ആവശ്യങ്ങൾക്കായി

ഉപയോഗിക്കുന്ന 3050 കെട്ടിടങ്ങളും 2 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

01.04.23 ന് ശേഷം ഓഡിറ്റ് തിയതി വരെ 119 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 33 എണ്ണത്തിന് വസ്തു നികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ ഒരു കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

**വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം**

05.04.2023 ലെ സ.ഉ(അച്ചടി). നം. 25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 19.04.2023 ലെ 40/23 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 11.09.2023 തിയ്യതിയിലെ 188/23 നമ്പർ തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30 നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 10122 ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

**പഞ്ചായത്ത് ആസ്തികൾ, കെട്ടിടങ്ങൾ എന്നിവയുടെ ഡിജിറ്റലൈസേഷൻ, ജി. ഐ. എസ് സർവേ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലാത്തതിനാൽ നികുതി നഷ്ടം**

ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നടപ്പാക്കിയ GIS മാപ്പിംങ് പദ്ധതിയുടെ ഭാഗമായി കരാർ പ്രകരമുള്ള മുഴവൻ പ്രവർത്തികളും (ഡ്രോൺ സർവ്വെ , ബേസ് മാപ്പ്, പ്രോപ്പർട്ടി സർവ്വെ ) പൂർത്തീകരിക്കുകയും അവ വെബ് പോർട്ടലിൽ പബ്ലിഷ് ചെയ്യുകയും പഞ്ചായത്ത് ഭരണ സമിതിയ്ക്ക് മുൻപാകെ 1.11.22 ന് ULTS-ULCCS Ltd സമർപ്പിക്കുകയും, ഉദ്യോഗസ്ഥൻമാർക്ക് ട്രേനിംങ് നൽകിയിട്ടുള്ളതുമാണ്. ഇതുവരെ 21.53 ലക്ഷം രൂപയുടെ ബില്ലുകൾ പഞ്ചായത്തിന് സമർപ്പിക്കുകയും അതു പ്രകാരം 17.99 രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലും പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ULTS-ULCCS Ltd , പഞ്ചായത്തിന് ലഭ്യമാക്കിയ വിവരങ്ങൾ ഉപയോഗപ്പെടുത്തി നികുതി പരിഷ്കരണം പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

**എ) കെട്ടിടങ്ങൾ ഡിമാന്റ് ചെയ്തതും ജി. ഐ. എസ് മാപ്പിംഗ് പ്രകാരമുള്ളതും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.**

| ഇനം | കെട്ടിടങ്ങളുടെ എണ്ണം | |
|---|---|---|
| | സഞ്ചയപ്രകാരം ഡിമാന്റ് ചെയ്തത് | ജി. ഐ. എസ് മാപ്പിംഗ് പ്രകാരമുള്ളത് |
| റസിഡൻഷ്യൽ കെട്ടിടങ്ങൾ | 8,180 | 7976 |
| കൊമേഴ്സ്യൽ കെട്ടിടങ്ങൾ | 2468 | 1,842 |
| ആകെ | 10648 | 9818 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് സഞ്ചയപ്രകാരം ഡിമാന്റ് ചെയ്ത കെട്ടിടങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് ജി. ഐ. എസ് മാപ്പിംഗ് പ്രകാരമുള്ളത്. ആയത് പരിശോധിച്ച് കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിലും ഉപയോഗ ക്രമത്തിലും ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലും വന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഊരാളുങ്കൽ സർവ്വീസ് സൊസൈറ്റി പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നികുതി റിവൈസ് ചെയ്ത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്താനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതു മൂലം നഷ്ടം**

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവര പ്രകാരം ഒരേ ഉടമസ്ഥന്റെ

പേരിലുള്ള ഒന്നിലധികം കെട്ടിട നമ്പറുകൾ നിലവിലുണ്ട്. ഈ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ ആകെ തുക 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതായി കാണുന്നു. ആയതിനാൽ വാണിജ്യ കെട്ടിടങ്ങൾക്ക് ചുമത്തേണ്ട നികുതി നിരക്കുകളിൽ കുറവു വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ഖണ്ഡിക 1-10 കാണുക. തെറ്റായ നിരക്കിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം നികുതി നഷ്ടം സംഭവിക്കാൻ സാധ്യത നിലനിൽക്കുന്നു. മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ഉൾപ്പെടെ ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിട നമ്പറുകൾ ഒരു കെട്ടിടത്തിലെ തന്നെ വിവിധ മുറികൾ ആണോ എന്നും അല്ലെങ്കിൽ വ്യത്യസ്ത കെട്ടിടങ്ങൾ ആണോ എന്നും ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കി നികുതി പുനർ നിർണ്ണയിച്ച് നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

**പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല.**

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

**സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ അഴിയൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ജി. ഐ. എസ് വിവരങ്ങൾ നിലവിലെ തൊഴിൽ നികുതി ഡിമാന്റുമായി തട്ടിച്ചു നോക്കുമ്പോൾ വൻ തോതിലുള്ള നികുതി ചോർച്ച ഈ ഇനത്തിലുമുണ്ടെന്ന് വ്യക്തമാകുന്നു.

ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ആകെ 977 കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് കാണുമ്പോൾ 819 എണ്ണം മാത്രമാണ് യഥാർത്ഥത്തിൽ അടഞ്ഞു കിടക്കുന്നതെന്ന് ജി. ഐ. എസ് വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. അതായത് 158 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഇൻസ്റ്റിറ്റ്യൂഷൻ നികുതിയും ആയതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കുന്നില്ല എന്നതിനൊപ്പം ലൈസൻസ് ഇല്ലാതെ അത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാകുന്നു. ഇത്രയധികം സ്ഥാപനങ്ങൾ പഞ്ചായത്തിന്റ അനുമതിയോ അറിവോ ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നത് ഗുരുതരമായ വീഴ്ചയാണ്.

**തൊഴിൽ നികുതി നിർണ്ണയിക്കാതെ ഈടാക്കുന്നു.**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ), അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന

എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകൾ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, ഒഡിറ്റോറിയം, എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുമ്പോഴും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2 ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്തിട്ടില്ല. ഈ നികുതി എപ്രകാരം നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല. നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.
2. GIS മാപ്പിംങ് ഉപയോഗിച്ച് സമഗ്ര വിവര ശേഖരണം പദ്ധതി (പ്രോജക്റ്റ് നം. 48/23 ) പ്രകാരം മുഴുവൻ കെട്ടിടങ്ങളിലും നികുതി പരിഷ്കരിക്കേണ്ടതാണ്.
3. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
7. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-9 ഉപയോഗ ക്രമം രേഖപ്പെടുത്താതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി**

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന്

ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ജി.ഒ(എം.എസ്)358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച. മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പല കെട്ടിടങ്ങളും ഉപയോഗ ക്രമം രേഖപ്പെടുത്താതെ തന്നെ നികുതി ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ 60 ച. മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തന്നെയാണോ നികുതി ഒഴിവാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് , വിലാസം | വിസ്തീർണ്ണം | നികുതി ഒഴിവാക്കാനുള്ള കാരണം (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1. | 14/350 | കെ കൃഷ്ണൻ കൊഞ്ഞം കണ്ടിയിൽ, മടപ്പള്ളി കോളേജ് | 92 ച മീ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 2. | 2/231 | ലീലാമ്മ, ജയവിലാസം | 80 ച മീ | ചേർത്തിട്ടില്ല. |
| 3. | 3/40 | ഭാരതി അമ്മ ചന്ദ്രാലയം | 100ച മീ | ചേർത്തിട്ടില്ല. |
| 4. | 10/383 | കുമാരൻ , മാളിയേക്കൽ | 63ച മീ | ചേർത്തിട്ടില്ല. |
| 5. | 10/384 | സരോജിനി, പുളിയേരീൻറവിട | 109.2ച മീ | ചേർത്തിട്ടില്ല. |
| 6. | 10/387 | ഭാരതി വടക്കെപുരയിൽ | 74.45ച മീ | ചേർത്തിട്ടില്ല. |
| 7. | 14/259 | നാണി, കരികുനിയിൽ, മടപ്പള്ളി കോളേജ് | 80ച മീ | ചേർത്തിട്ടില്ല. |

മുകളിൽ കൊടുത്ത പട്ടികയിലെ ഉദാഹരണങ്ങൾ ഉൾപ്പെടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം നികുതി നിർണ്ണയം നടത്താത്ത എല്ലാ വാർഡുകളിലേയും കെട്ടിടങ്ങളെ കണ്ടെത്തി യഥാർത്ഥത്തിൽ നികുതി ഇളവ് നൽകേണ്ട കെട്ടിടങ്ങൾക്ക് തന്നെയാണോ എന്ന് പരിശോധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി നികുതി നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ നിയമാനുസൃതമായി നികുതി ഒഴിവാക്കപ്പെടേണ്ടവയാണോ എന്ന് പുന:പരിശോധിച്ച് യഥാർത്ഥത്തിൽ നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടത് എന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതും, നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന് നികുതി നിർണ്ണയിച്ച് ഈടാക്കി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

കൂടാതെ ക്രമ നമ്പർ 1- ൽ കാണിച്ച 14/350നമ്പർ കെട്ടിടത്തിന് നികുതി ഒഴിവാക്കാനുള്ള കാരണം സഞ്ചയ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 92 ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് മേൽ കാരണം കാണിച്ച് നികുതി ഒഴിവാക്കിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവര പ്രകാരം ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിട നമ്പറുകൾ നിലവിലുണ്ട്. ഈ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന്റെ ആകെ തുക 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതായി കാണുന്നു.

ആയതിനാൽ വാണിജ്യ കെട്ടിടങ്ങൾക്ക് ചുമത്തേണ്ട നികുതി നിരക്കുകളിൽ കുറവു വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേരും,വിലാസവും | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറവിസ്തീർണം ച.മീ. (സഞ്ചയ പ്രകാരം) | |
|---|---|---|---|
| ഷമീർ, ഉണിയാർകണ്ടിയിൽ താമസിക്കും കോറോത്ത്കണ്ടി, തട്ടോളിക്കര,673108 | 2/20 | താഴത്തെ നില- 11 ച.മീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 2/21 | താഴത്തെ നില- 10ച.മീ | |
| | 2/22 | താഴത്തെ നില- 13ച.മീ | |
| | 2/23 | താഴത്തെ നില- 42ച.മീ | |
| | 2/24 | താഴത്തെ നില- 42ച.മീ | |
| | 2/25 | താഴത്തെ നില- 21ച.മീ | |
| | 2/26 | താഴത്തെനില- 24ച.മീ | |
| | 2/27 | താഴത്തെനില- 16ച.മീ | |

| | | | |
|---|---|---|---|
| | 2/28 | താഴത്തെനില- 17.85ച.മീ | |
| | 2/29 | താഴത്തെനില- 32.55ച.മീ | |
| | 2/30 | താഴത്തെനില- 15ച.മീ | |
| | ആകെ | 244.5ച.മീ | |
| മമ്മു, ആലാങ്കണ്ടി താഴ കുനിയിൽ | 2/35 | താഴത്തെനില-15ചമീ | |
| | 2/36 | താഴത്തെനില-15ചമീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 2/37 | താഴത്തെനില-15ചമീ | |
| | 2/38 | താഴത്തെനില-15ചമീ | |
| | 2/39 | താഴത്തെനില-15ചമീ | |
| | 2/40 | താഴത്തെനില-15ചമീ | |
| | 2/41 | താഴത്തെനില-15ചമീ | |
| | 2/42 | താഴത്തെനില-15ചമീ | |
| | 2/43 | താഴത്തെനില-37ചമീ | |
| | 2/44 | താഴത്തെനില-15ചമീ | |
| | 2/45 | താഴത്തെനില-15ചമീ | |
| | 2/46 | താഴത്തെനില-15ചമീ | |
| | 2/47 | താഴത്തെനില-24ചമീ | |
| | 2/48 | താഴത്തെനില-15ചമീ | |
| | 2/49 | താഴത്തെനില-15ചമീ | |
| ആകെ | | 256ചമീ | |
| | 2/50 | താഴത്തെനില-10ചമീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 2/51 | താഴത്തെനില-10ചമീ | |
| | 2/52 | താഴത്തെനില-71ചമീ | |
| | 2/53 | താഴത്തെനില- 31.8ചമീ | |
| | 2/54 | താഴത്തെനില- 20.4ചമീ | |
| | 2/55 | താഴത്തെനില- 10.2ചമീ | |
| ആകെ | | 153.4ചമീ | |
| കെ ബാലകൃഷ്ണൻ, കുനിയിൽ, | 2/636 | താഴത്തെ നില- 11 ചമീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 2/637 | താഴത്തെ നില- 10ചമീ | |
| | 2/638 | താഴത്തെ നില- 10ചമീ | |
| | 2/639 | ഒന്നാം നില-17.64ചമീ | |
| | 2/640 | ഒന്നാം നില-30ചമീ | |
| | 2/641 | ഒന്നാം നില-7.5ചമീ | |
| | 2/642 | ഒന്നാം നില-27ചമീ | |
| | 2/643 | ഒന്നാം നില-30ചമീ | |
| | 2/644 | താഴത്തെ നില- 10ചമീ | |
| | 2/645 | താഴത്തെ നില-7.5ചമീ | |
| | 2/646 | താഴത്തെ നില-10ചമീ | |
| | 2/647 | താഴത്തെ | |

| | | | |
|---|---|---|---|
| | | നില-23ചമീ | |
| | ആകെ | 183.19ചമീ | |
| ചന്ദ്രി പി,,സീന നിവാസ്,കണ്ണൂക്കര ,673102, | 3/66 | താഴത്തെ നില-50 ചമീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 3/67 | താഴത്തെ നില-50 ചമീ | |
| | 3/68 | താഴത്തെ നില-50 ചമീ | |
| | 3/69 | താഴത്തെ നില-50 ചമീ | |
| | 3/70 | താഴത്തെ നില-50 ചമീ | |
| | 3/71 | താഴത്തെ നില-35ചമീ | |
| ആകെ | | 235ചമീ | |
| | 8/215 | താഴത്തെ നില-4ചമീ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 8/216 | താഴത്തെ നില-12ചമീ | |
| | 8/217 | താഴത്തെ നില-56ചമീ | |
| | 8/218 | താഴത്തെ നില-16ചമീ | |
| | 8/219 | താഴത്തെ നില-75ചമീ | |
| | 8/220 | താഴത്തെ നില-64ചമീ | |
| | 8/221 | താഴത്തെ നില-25ചമീ | |
| ആകെ | | 252 ചമീ | |

തെറ്റായ നിരക്കിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം നികുതി നഷ്ടം സംഭവിക്കാൻ സാധ്യത നിലനിൽക്കുന്നു. മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ഉൾപ്പെടെ ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിട നമ്പറുകൾ ഒരു കെട്ടിടത്തിലെ തന്നെ വിവിധ മുറികൾ ആണോ എന്നും അല്ലെങ്കിൽ വ്യത്യസ്ത കെട്ടിടങ്ങൾ ആണാ എന്നും ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കി നികുതി പുനർ നിർണ്ണയിച്ച് നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

മേൽ കാണിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-11 വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകതകൾ**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 (2) (ബി) 1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് , ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു.

2022-23 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ നികുതിയിളവിനായി അപേക്ഷിച്ച ഏതാനും കെട്ടിടങ്ങൾക്ക് അപേക്ഷ ലഭിച്ച തിയതിക്കു മുമ്പെ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്/ വിലാസം | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി | ഇളവ് അനുവദിച്ച തുക |
|---|---|---|---|---|---|
| 1. | അഷ്റഫ് ഷംസുദ്ദീൻ, പറമ്പത്ത് | 7/701 A | 11/04/2022 | 1.4.22 മുതൽ 30.09.2022 വരെ | 3313 |
| 2. | അഷ്റഫ് ഷംസുദ്ദീൻ, പറമ്പത്ത് | 7/701 A | 22/02/2023 | 1.10.22 മുതൽ 31.03.2023 വരെ | 3313 |
| 3. | ഷക്കീല, ഷാഹിദ, എ എം മഹൽ | 10/316,317, 320-323, 325-327 | 23/04/22 | 01.04.22 മുതൽ 30.09.2022 വരെ | 1186 |
| 4. | പ്രസിഡന്റ്, കരക്കാട് ആത്മവിദ്യാസംഘം | 10/124 J , L | 12/07/22 | 01.07.2022 മുതൽ 30.09.2022 വരെ | 1455 |
| 5. | നാണു, തീവണ്ടിച്ചാലിൽ | 3/395-397 | 30/04/22 | 01.4.2022 മുതൽ 30.09.2022 വരെ | 144 |

| | | | | | |
|---|---|---|---|---|---|
| 6. | നാണു, തീവണ്ടിച്ചാലിൽ | 3/395-397 | 02.11.2022 | 1.10.22 മുതൽ 31.03.2023 വരെ | 144 |
| 7. | മുഹമ്മദ് അബ്ദുൾ ഗഫൂർ, പുനത്തിൽ | 9/288 A | 23/12/22 | 01.12.2022 മുതൽ 31.03.2023 വരെ | 191 |
| 8. | ലൈല മലയിൽ | 7/632,633 | 29/10/22 | 1.10.22 മുതൽ 31.03.2023 വരെ | 170 |
| 9. | ലൈല മലയിൽ | 7/635 | 28/04/22 | 01.04.22 മുതൽ 30.09.2022 വരെ | 85 |
| 10. | മൂനം കണ്ടത്തിൽ ഷഹനാസ്, അസർ മൻസിൽ | 7/634 | 28/04/22 | 1.10.22 മുതൽ 1.03.2023 വരെ | 76 |

ചട്ടങ്ങൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അനർഹമായി ഇളവ് അനുവദിച്ച വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 രശീതി ഉപയോഗിക്കുന്നതിലെ അപാകതകൾ

1)ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20(2)c പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ., കൃഷി ഓഫീസർ എന്നിവർ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

വി.ഇ.ഒ

1. രശീതി ബുക്ക് നം.17689 , രശീതി നം.35 മുതൽ 100 വരെ
2. രശീതി ബുക്ക് നം.17685 , രശീതി നം.1 മുതൽ 92 വരെ
3. രശീതി ബുക്ക് നം.17684 , രശീതി നം.1 മുതൽ 35 വരെ
4. രശീതി ബുക്ക് നം.24004 , രശീതി നം.1 മുതൽ 100 വരെ
5. രശീതി ബുക്ക് നം.17683 , രശീതി നം.1 മുതൽ 100 വരെ
6. രശീതി ബുക്ക് നം.20994 , രശീതി നം.1 മുതൽ 20 വരെ,രശീതി നം.60മുതൽ 90വരെ.

കൃഷി ഓഫീസർ

കൃഷി ഓഫീസർ ഉപയോഗിച്ച രസീതികളിൽ ഒന്നും തന്നെ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2)രശീതിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 23 പ്രകാരം ക്യാഷ്, മണിയോർഡർ , ചെക്ക് ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക് /ട്രഷറി അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

എന്നാൽ നിർവഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ., കൃഷി ഓഫീസർ എന്നിവർ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ ഒന്നും തന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത തുക മേൽ ചട്ട പ്രകാരം തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-13 ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ട്- പലിശയിനത്തിൽ നഷ്ടം**

ഓൺലൈനായി അടവാക്കപ്പെടുന്ന നികുതികൾ, ഫീസുകൾ, മറ്റ് യൂസർ ചാർജ്ജുകൾ തുടങ്ങിയ തനതു വരവുകൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചയത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണ്ണൂക്കര, വടകര ശാഖയിൽ 2017 -ൽ ഒരു പ്രത്യേക ഇ-പേയ്മെന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67392163743) ആരംഭിച്ചിരുന്നു. പ്രസ്തുത അക്കൗണ്ട് ഒരു കറന്റ് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ട് ക്രെഡിറ്റ് ചെയ്യുന്ന തുകയ്ക്ക് പലിശയൊന്നും ലഭിക്കുന്നില്ല. 31.10.2023 ന് പ്രസ്തുത അക്കൗണ്ടിൽ 29,77,414/- രൂപ നീക്കിയിരിപ്പുണ്ട്. ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കുകയോ, നീക്കിയിരിപ്പ് തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിടുകയോ ചെയ്യാത്തത് മൂലം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വലിയ നഷ്ടം സംഭവിച്ച് കൊണ്ടിരിക്കുന്നുണ്ട്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഇ-പെയ്മെന്റ് അക്കൗണ്ടിൽ പ്രതിമാസം നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ തുക മാത്രം നിലനിർത്തി ശേഷിക്കുന്ന തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-14 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല .**

അഡ്വാൻസ് രജിസ്റ്റർ, ഷെഡ്യൂൾ B-18 എന്നിവ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ അനുവദിച്ച അഡ്വാൻസ് തുകകൾ ഇനിയും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കിൾ 99 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ മുതലായ പ്രവർത്തനങ്ങൾക്ക് മുൻകൂർ തുക കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ നൽകി ആയത് ക്രമീകരിക്കണം. അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അക്കൗണ്ട് ഹെഡ് | അഡ്വാൻസ് അനുവദിച്ചതിന്റെ വിശദാംശം | വർഷം | തുക |
|---|---|---|---|---|
| 1 | 460500202 | Advance To Implementing Agencies- | 2017-18 | 1013185/20.03.18 V.No. 21700939 |

| | | | | |
|---|---|---|---|---|
| | | Deposit With KSEB | | |
| | | | 2018-19 | 776936 /26.12.18 V.No. 21800727 |
| | | | 2018-19 | 144027/11.01.2019 V.No. 21800971 |
| | | | 2018-19 | 106133/30.03.19 V.No.21800930 |
| 2 | 460500201 | Advance To Implementing Agencies- Deposit With KWA | 2017-18 | 146437/10.10.17 V.No.21700807 |
| 3 | 460100199 | Other Advances | 2021-22 | 12425/24.09.21 V.No.22100479 |
| 4 | 460500801 | Advance To MGNREGA Administrative Expences | 2022-23 | 1224144 |
| 5. | 460500501 | Advance To Imlementing Officers | | 1841420 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമീകരിക്കാത്ത അഡ്വാൻസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

ഡെപ്പോസിറ്റ് രജിസ്ററർ, B7 ഷെഡ്യൂൾ എന്നിവപ്രകാരം ,കാലാവധി കഴിഞ്ഞ താഴെ കൊടുത്തിട്ടുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ക്രമനമ്പർ | അക്കൗണ്ട് ഹെഡ് | ഡെപ്പോസിറ്റിന്റ വിശദാംശം | വർഷം | തുക |
|---|---|---|---|---|
| 1 | 340100103 | Bidders EMD | 2011-12 | 1025 |
| | 340100103 | Bidders EMD | 2012-13 | 12400 |
| | 340100103 | Bidders EMD | 2013-14 | 5493 |

| | | | | |
|---|---|---|---|---|
| | 340100103 | Bidders EMD | 2014-15 | 1750 |
| 2 | 340100101 | Contractors EMD | 2015-16 | 2500 |
| | 340100101 | Contractors EMD | 2016-17 | 2000 |
| | 340100101 | Contractors EMD | 2019-20 | 7000 |
| 3. | 340100202 | Suppliers Security Deposit | 2014-15 | 1750 |
| 4. | 340109901 | Other Deposit | 2012-13 | 4074 |
| | 340109901 | Other Deposit | 2013-14 | 9298 |
| | 340109901 | Other Deposit | 2015-16 | 21000 |
| | 340109901 | Other Deposit | 2019-20 | 141 |
| 5 | 340100301 | Contractors Security Deposit | 2015-16 | 2625 |
| | 340100301 | Contractors Security Deposit | 2017-18 | 2500 |
| 6 | 340100102 | Suppliers EMD | 2017-18 | 4400 |
| | 340100102 | Suppliers EMD | 2018-19 | 1150 |
| | 340100102 | Suppliers EMD | 2019-20 | 450 |
| 7. | 340100301 | Contractors Retrntion | 2018-19 | 3264 |
| 8. | 340200107 | Election Deposit | 2018-19 | 9000 |
| 9. | 340200102 | Auction Deposit | 2019-20 | 250 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 സർക്കാർ നിർദ്ദേശപ്രകാരമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19.04.2022 ലെ സ.ഉ (കൈ) 84/ 2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിന്റെ ഖണ്ഡിക 8.14 ൽ പഞ്ചവത്സരപദ്ധതി കാലയളവിൽ നടപ്പാക്കേണ്ടതും പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുമായ പൊതുമരാമത്ത്-അനുബന്ധ പ്രവൃത്തികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്.

ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും, റോഡ് കണക്റ്റിവിറ്റി പ്ലാനും, സ്വാഭാവിക ജല നിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണമെന്നും നിലവിലെ റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് (സ്വാഭാവിക നീരൊഴുക്ക്) ഉറപ്പുവരുത്തണമെന്നും ഉത്തരവിന്റെ ഖണ്ഡിക 8.14(1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണം അതിവേഗത്തിലാവുമ്പോൾ ഉയർന്നു വരുന്ന പ്രധാന പ്രശ്നം നീരൊഴുക്കുമായി ബന്ധപ്പെട്ടതാണെന്നും, അതു കൊണ്ടു തന്നെ റോഡുകളുടെ സമഗ്രമായ കൂടിച്ചേരലുകൾ സംബന്ധിച്ചും നീരൊഴുക്ക് സംബന്ധിച്ചും കൃത്യമായ ഭൂപടം തയ്യാറാക്കിക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ പശ്ചാത്തല മേഖലയിൽ സൗകര്യം ഒരുക്കുക എന്നതാണ് ലക്ഷ്യമെന്നും ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലും (ഖണ്ഡിക 12.1) വികസന രേഖയിലും പരാമർശിച്ചിട്ടുമുണ്ട്. നാറ്റ്പാക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള ടാറിങ്ങ് പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഉത്തരവിന്റെ ഖണ്ഡിക 8.14(9) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈടുറ്റതും ഗുണമേൻമ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോട് കൂടി നിർമ്മിക്കേണ്ടതാണെന്ന് ഉത്തരവിന്റെ ഖണ്ഡിക 8.14(11) ൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികളൊന്നും ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. 2023-24 വാർഷിക പദ്ധതിയിൽ ഇത്തരത്തിലുള്ള പ്രൊജക്റ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/2022-23 തീയതി 17.11.2023) മറുപടി ലഭിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവൃത്തികൾ തുടർവർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ പല പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് നിർവ്വഹണ സമയത്ത് റിവൈസ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം. | പ്രവൃത്തി |
|---|---|---|
| 1 | SO 28/22-23 | സാംസ്കാരിക നിലയം അറ്റകുറ്റപ്പണി |
| 2 | SO 31/22-23 | ആശാരിക്കോട്ട ലക്ഷംവീട് കിണർ പുനരുദ്ധാരണം |
| 3 | SO 32/22-23 | നാട്ടുവാണീമ്മൽ ജലസേചന |

| | | |
|---|---|---|
| | | പദ്ധതി അറ്റകുറ്റപ്പണി |
| 4 | SO 34/22-23 | ചാമക്കുന്ന് ജലസേചന പദ്ധതി കിണർ അറ്റകുറ്റപ്പണി |
| 6 | SO 36/22-23 | മാവിലക്കുന്ന് കുടിവെള്ളപദ്ധതി കിണറിന് ഗ്രിൽ സ്ഥാപിക്കൽ |
| 7 | SO 42/22-23 | പഞ്ചായത്ത് പരിസരത്ത് സാനിറ്ററി കോംപ്ലക്സ് നിർമ്മാണം |
| 8 | SO46/22-23 | കുറുവച്ചാൽ കോളനി കിണർ പുനരുദ്ധാരണം |

അടങ്കൽ തുകയിൽ മാറ്റം വരുത്താതെയാണ് ഭൂരിഭാഗം എസ്റ്റിമേറ്റുകളും റിവൈസ് ചെയ്തിരിക്കുന്നതെങ്കിൽ പോലും പ്രൊജക്റ്റ് ആസൂത്രണവേളയിലും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും കൃത്യമായ പരിശോധനകൾ നടക്കുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. കൃത്യതയില്ലാത്ത എസ്റ്റിമേറ്റുകൾ പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് വർധിക്കുന്നതിനും പ്രവൃത്തി പൂർത്തികരണം വൈകുന്നതിനും ഇടയാക്കുമെന്നതിനാൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ വിശദമായ പരിശോധനകൾ നടത്തേണ്ടതും ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ച് ഒത്തു നോക്കേണ്ടതുമാണെന്ന് 2012ലെ കേരള പൊതുമരാമത്ത് മാന്വൽ, ഖണ്ഡിക 1402ൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയതിന് ശേഷം എസ്റ്റിമേറ്റ് പുതുക്കിയ ചില പ്രവൃത്തികളിൽ പുതുക്കിയ എസ്റ്റിമേറ്റ് തുകകൾ യഥാർത്ഥ എസ്റ്റിമേറ്റ് തുകയേക്കാൾ കുറവായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | എസ്റ്റിമേറ്റ് തുക | | കുറവ് |
|---|---|---|---|---|
| | | യഥാർത്ഥത്തിൽ | പുതുക്കിയത് | |
| 1 | SO 31/22-23 ; ആശാരിക്കോട്ട ലക്ഷംവീട് കിണർ പുനരുദ്ധാരണം | 2,00,000 | 1,28,808 | 71192 |
| 2 | SO 35/22-23; എടക്കണ്ടിക്കുന്ന് കിണർ റിപ്പയർ | 3,00,000 | 2,05,242 | 94758 |
| 3 | SO 28/22-23; സാസ്കാരിക നിലയം അറ്റകുറ്റപ്പണി | 4,00,000 | 3,70,782 | 29218 |

പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചത് പ്രകാരം കൃത്യതയാർന്ന എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിരുന്നതെങ്കിൽ മേൽപ്രവൃത്തികളിലേതു പോലെ എസ്റ്റിമേറ്റ് പുതുക്കലിനെ തുടർന്ന് മിച്ചം വന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ മറ്റു പ്രൊജക്റ്റുകൾക്ക് വകയിരുത്തുന്നതിനോ പുതിയ പ്രൊജക്റ്റുകൾ രൂപീകരിക്കുന്നതിനോ ഉപയോഗപ്പെടുത്താമായിരുന്നു.

എസ്റ്റിമേറ്റുകൾ കൃത്യതയില്ലാതെ തയ്യാറാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2022-23 തീയതി 23.11.2023) മറുപടി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ തന്നെ അവയുടെ കൃത്യത ഉറപ്പു വരുത്താൻ

ശ്രദ്ധിക്കേണ്ടതും ഓരോ പ്രവൃത്തികൾക്കും ആവശ്യമായ തുക മാത്രമാണ് പദ്ധതി രൂപീകരണ സമയത്ത് വകയിരുത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 കോൺക്രീറ്റ് റോഡ് നിർമ്മാണം - എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് ഉൾപ്പെടുത്തുന്നു

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം നിർമ്മിച്ച കോൺക്രീറ്റ് റോഡുകൾ ഓഡിറ്റിന്റെ ഭാഗമായി 22.11.2023 ന് നേരിൽ പരിശോധിച്ചിരുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | റോഡിന്റെ പേര് | വാർഡ് നമ്പർ | നിർമ്മിച്ച റോഡിന്റെ നീളം | ആകെ നിർമ്മാണ ചെലവ് |
|---|---|---|---|---|---|
| 1 | 04/22-23 | വലിയ പറമ്പത്ത് റോഡ് | 4 | 105 മീറ്റർ | 3,96,063/- |
| 2 | 05/22-23 | കരുവാരക്കൽ റോഡ് | 5 | 88 മീറ്റർ | 4,83,227/- |

മേൽ പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റുകളിൽ റോഡ് കോൺക്രീറ്റിങ്ങ് ഇനത്തിനായി സ്വീകരിച്ചിരിക്കുന്ന ഡാറ്റ 75.8.1 ആണ്. ആയതിന്റെ നിരക്ക് ക്യൂബിക് മീറ്ററിന് 7598.45/- രൂപയാണ്. ഇതിൽ 4% തുക ഫോം വർക്കിനായി ഉൾപ്പെടുന്നുണ്ട്. എന്നാൽ മേൽ റോഡുകളിൽ ഫോം വർക്ക് ഇല്ലാതെ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുന്ന ഭാഗങ്ങളും ഫോം വർക്ക് ആവശ്യമുള്ള ഭാഗങ്ങളും ഉണ്ട് എന്നാണ് സ്ഥല പരിശോധനയിൽ ബോദ്ധ്യമായത്. ഫോം വർക്ക് ഉള്ള 75.8.1 എന്ന ഡാറ്റയ്ക്ക് പകരമായി ഫോം വർക്ക് ഉൾപ്പെടാത്ത 75.8.1.1 A എന്ന ഡാറ്റയുണ്ട്. ഈ ഡാറ്റ പ്രകാരമുള്ള നിരക്ക് ക്യൂബിക്ക് മീറ്ററിന് 7297.88/-രൂപയാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത ഭാഗത്തിന് പ്രസ്തുത ഡാറ്റ സ്വീകരിക്കുന്നതിന് പകരം മുഴുവൻ നിർമ്മിതിക്കും കൂടിയ നിരക്കിലുള്ള ഡാറ്റ സ്വീകരിച്ചത് ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. ആയതിനാൽ ഫോം വർക്ക് ആവശ്യമായ ഭാഗങ്ങൾക്ക് മാത്രമാണ് 75.8.1 എന്ന ഡാറ്റ ബാധകമാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ പ്രവൃത്തികളിൽ ഫോം വർക്കിന് ആവശ്യമില്ല എന്ന ഭാഗത്തിന് ഇതേ നിരക്കിൽ അനുവദിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി രൂപീകരിച്ച രണ്ട് പൊതുമരാമത്ത് പ്രൊജക്റ്റുകളിൽ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസ്

നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| പ്രൊജക്റ്റ് | 165/22-23; ആയുർവ്വേദ ഡിസ്പെൻസറി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 175/22-23; മൊയിലോത്ത് കുളം സംരക്ഷണ പ്രവൃത്തി |
| അടങ്കൽ | 13,00,000 (മെയിന്റനൻസ് ഗ്രാൻറ്-നോൺ റോഡ്) | 22,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ടെക്നിക്കൽ സാങ്ഷൻ നമ്പർ | 101787/2022-23 | 90554/2022-23 |
| അഗ്രിമെന്റ് നം./ തീയതി | LSGD/AE/35/ONCHM /2022-23 തീയതി 13.02.2023 | LSGD/AE /39/ONCHM /2022-23 തീയതി 09.03.2023 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 6 മാസം | 6 മാസം |
| സൈറ്റ് കൈമാറിയ തീയതി | 13.02.2023 | 09.03.2023 |
| നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് | 2,60,000/- (സാംഖ്യാ ബിൽ നം. 289/22-23 തീയതി 14.03.2023) | 4,40,000/- (സാംഖ്യാ ബിൽ നം. 288/22-23 തീയതി 14.03.2023) |

ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിന്റെ കോൺക്രീറ്റ് മേൽക്കൂരയ്ക്ക് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട് യോഗാ ഹാൾ നിർമ്മിക്കുന്നതിനാണ് 165/22-23 നമ്പർ പ്രൊജക്റ്റിൽ (മേൽ പട്ടികയിലെ ക്രമ നം.1) ഉദ്ദേശിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി 22.11.2023 നടത്തിയ സ്ഥലപരിശോധനയിൽ പ്രൊജക്റ്റിന്റെ ഭാഗമായി മുകൾ നിലയിലേക്ക് ഇരുമ്പ് ഗോവണി സ്ഥാപിക്കൽ, ട്രസ്സ് വർക്ക്, ഷീറ്റിടൽ, അരമതിൽ കെട്ടൽ, ടൈൽസ് വിരിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതായി കാണാൻ

കഴിഞ്ഞു. എസ്റ്റിമേറ്റ് പ്രകാരമുള്ള അരമതിലിന് മുകളിൽ അലുമിനിയം ഗ്രിൽ സ്ഥാപിക്കുന്ന പ്രവൃത്തി ഇതു വരെ ആരംഭിച്ചിട്ടില്ല. പൂർത്തിയായ പ്രവൃത്തികളെ സംബന്ധിച്ച പാർട്ട് ബിൽ ഇതു വരെ സമർപ്പിക്കുകയോ, മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി എട്ട് മാസത്തിലേറെ കഴിഞ്ഞിട്ടും 175/22-23 പ്രകാരമുള്ള മൊയിലോത്ത് കുളം സംരക്ഷണ പ്രവൃത്തി (മേൽ പട്ടികയിലെ ക്രമ നം.2) കരാർ സ്ഥാപനം ഇതുവരെ ആരംഭിച്ചിട്ട പോലുമില്ല.

മേൽപറഞ്ഞ രണ്ട് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരം ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടും കരാർ സ്ഥാപനം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2022-23 തീയതി 23.11.2023) മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തി ഇതു വരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ മൊയിലോത്ത് കുളം സംരക്ഷണത്തിനായി നൽകിയ അഡ്വാൻസ് തുക 4,40,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേൽപ്പറഞ്ഞ രണ്ടു പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ രണ്ട് പ്രവൃത്തികളിലും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ബിൽ തുക നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ ഈടാക്കേണ്ടതുമാണ്.

**1-20 എം.സി.എഫ് കെട്ടിടനിർമ്മാണം പൂർത്തിയായില്ല**

ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ വെള്ളിക്കുളങ്ങര അങ്ങാടിയിലാണ് നിലവിൽ ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ് ) ഉള്ളത്. റോഡിനോട് ചേർന്ന് "ടേക്ക് എ ബ്രേക്ക്" ശൗചാലയത്തിന്റ ഭാഗമായിട്ടുള്ള പ്രസ്തുത എം.സി.എഫിൽ ഹരിതകർമ്മസേന പ്രവർത്തകർ വാതിൽപ്പടി സേവനം വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിച്ച് വയ്ക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ല.
അജൈവമാലിന്യം ശേഖരിച്ച് സംഭരിക്കുന്നതിനും, തരം തിരിച്ച് കയ്യൊഴിയുന്നതിനും ആവശ്യമായ സൗകര്യങ്ങളോട് കൂടിയ പുതിയ എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റ് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ രൂപീകരിച്ചിരുന്നു (പ്രൊജക്റ്റ് നം. 12/22-23-എം.സി.എഫ് കെട്ടിട നിർമ്മാണം, അടങ്കൽ 22,02,600). ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലുള്ള ചാമക്കുന്നിൽ നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മേൽ പ്രൊജക്റ്റ് പ്രകാരം ആകെ 12,82,830/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. (സാംഖ്യാ ബിൽ നം. 372/22-23 തീയതി 25.03.23 - 8,48,230/- രൂപ, സാംഖ്യാ ബിൽ നം. 425/22-23 തീയതി 30.03.23 - 4,34,605/- രൂപ). പ്രവൃത്തി പൂർത്തിയാവാത്തതിനെ തുടർന്ന് പ്രൊജക്റ്റ് 2022-24 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി (പ്രൊജക്റ്റ് നം. 182/23-24) ഉൾപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫ് കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കുകൾ മാത്രമാണ് മേൽ പ്രൊജക്റ്റ് പ്രകാരം പൂർത്തിയായിട്ടുള്ളത്.

ശേഷിക്കുന്ന പ്രവൃത്തികളായ പ്ലാസ്റ്ററിങ്, ഫ്ലോറിങ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് മുതലായവ പൂർത്തീകരിക്കുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ "എം.സി.എഫ് കെട്ടിട നിർമ്മാണ പൂർത്തികരണം" എന്ന പേരിൽ ശുചിത്വമിഷൻ ഫണ്ടും തനത് ഫണ്ടും വകയിരുത്തി പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ടെങ്കിലും (പ്രൊജക്റ്റ് നം. 201/23-24, അടങ്കൽ 15,00,000/-) സാമ്പത്തിക വർഷത്തിന്റെ പകുതിയോളം പിന്നിട്ടിട്ടും ആയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇതു വരെ ആരംഭിച്ചിട്ടില്ല. പുതുതായി നിർമ്മിക്കുന്ന എം.സി.എഫ് കെട്ടിടത്തിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും ഇതു വരെ സ്വീകരിച്ചിട്ടില്ല.

എം.സി.എഫ് കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2022-23 തീയതി 23.11.2023) മറുപടി ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് എം.സി.എഫ് പ്രവർത്തനം ആരംഭിക്കന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷത്തെ ചെലവ് 12,82,830/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 തൊഴിലുറപ്പ് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല

ഒരു കരാർ പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ, ഇവ രണ്ടിന്റേയുമോ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് സ്രോതസ്സിൽ നിന്നുള്ള നികുതിയായി (സി.ജി.എസ്.റ്റി) ഒരു ശതമാനം തുക കുറവ് ചെയ്യേണ്ടതാണെന്ന് 2017ലെ കേന്ദ്ര ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 51(1)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 51(1)ലും ഒരു ശതമാനം എസ്.ജി.എസ്.റ്റി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്നത് സംബന്ധിച്ച് സമാനമായ നിർദ്ദേശമുണ്ട്. അതു പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന സംഗതികളിൽ സി.ജി.എസ്.റ്റി, എസ്.ജി.എസ്.റ്റി എന്നീ ഇനങ്ങളിലായി ആകെ രണ്ട് ശതമാനം നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന തൊഴിലുറപ്പ് പ്രവത്തികൾക്ക് കരാർ പ്രകാരം നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കടത്തനാട് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2022-23 വർഷം തുക അനുവദിച്ചപ്പോൾ മേൽ പറഞ്ഞ പ്രകാരം സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ കോഡ്/പേര് | മെറ്റീരിയലിനായി നൽകിയ തുക (ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|
| 1 | 312498 / മാവിട്ടരി കുനി മുതൽ ഇല്ലിങ്കൽ വരെ ഫൂട്ട്പാത്ത് നിർമ്മാണം | 266981 |
| 2 | 284101 / വീര്യമ്പത്ത് മുക്ക് മുതൽ മലോൽ ക്ഷേത്രം വരെ വീതി കൂട്ടി ഫൂട്ട്പാത്ത് നിർമ്മാണം | 309574 |
| 3 | 284106 / കീരം കുനി ഫൂട്ട്പാത്ത് നിർമ്മാണം | 381768 |
| 4 | 313514 / ഒഞ്ചിയം പി.ഡബ്ല്യൂ.ഡി കോറാത്ത് കോൺക്രീറ്റ് റോഡ് നിർമ്മാണം | 362426 |
| 5 | 284111 / കണ്ടി റോഡ് മുതൽ എടക്കണ്ടി റോഡ് വരെഫൂട്ട്പാത്ത് നിർമ്മാണം | 275030 |

| | | |
|---|---|---|
| 6 | 284120 / വല്ലത്ത് കുന്ന് ചന്ദ്രന്റെ വീട് മുതൽ സബ്ബ്-സെന്റർ വരെ റോഡ് നിർമ്മാണം | 409012 |
| 7 | 314214 / പാലേരി പറമ്പത്ത് അരുണോദയം റോഡ് കോൺക്രീറ്റ് | 332698 |
| 8 | 314220 / തോട്ടത്തിൽ താഴെ ഫൂട്ട്പാത്ത് നിർമ്മാണം | 329297 |
| 9 | 284135 / മടപ്പള്ളി കോളേജ് മുതൽ പൊന്നമ്പ്രം കണ്ടിറോഡ് നിർമ്മാണം | 347418 |
| 10 | 314290 / റെയിൽവേ ലൈൻ മാണിക്കോത്ത് ഫൂട്ട്പാത്ത് നിർമ്മാണം | 266577 |
| 11 | 314501 / ചാലിൽ സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്ത് നിന്ന്തുടങ്ങി ദേവൻ വക്കീലിന്റെ വീട് വരെ റോഡ് നിർമ്മാണം | 391993 |

സ്രോതസ്സിൽ നിന്ന് ജി.എസ്.റ്റി കുറവു ചെയ്യാതെ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2022-23 തീയതി 23.11.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കടത്തനാട് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച തുകകളിലെ ജി.എസ്.റ്റി അവർ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും അടവാക്കിയിട്ടില്ലാത്ത പക്ഷം ജി.എസ്.ടി. വകുപ്പിനെ അറിയിക്കേണ്ടതുമാണ്. മേലിൽ കരാർ പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് നിയമപ്രകാരമുള്ള തുക സ്രോതസ്സിൽ നിന്നുള്ള നികുതിയായി കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**1-22 പൊതുമരാമത്ത് പ്രവൃത്തികൾ - കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(v) പ്രകാരം കരാർ ഉടമ്പടികൾ 1959ലെ കേരള മുദ്രപത്ര ആക്ടിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉള്ള മുദ്രപത്രത്തിൽ ആയിരിക്കേണ്ടതാണ്. അതു പ്രകാരമല്ലാതെ ഏർപ്പെടുന്ന യാതൊരു കരാറും പഞ്ചായത്തിന് ബാധകമായിരിക്കുന്നതല്ല എന്ന് മേൽ ചട്ടങ്ങളിലെ ചട്ടം 6(5)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ആകെ 50 പൊതുമരാമത്ത് പ്രവൃത്തികളിൽ 41 പ്രവൃത്തികളിലും കരാർ സ്ഥാപനവുമായി (ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) മുദ്രപത്രത്തിലല്ല കരാർ വച്ചിട്ടുള്ളത്.

കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2022-23 തീയതി 23.11.2023) മറുപടി ലഭിച്ചിട്ടില്ല. മുദ്രപത്രത്തിലല്ലാത്ത

കരാറുകൾക്ക് നിയമസാധുതയില്ലെന്നിരിക്കെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ കരാറിലേർപ്പെട്ടതിന് വിശദീകരണം നൽകേണ്ടതും ചട്ടങ്ങൾ പാലിച്ചുകൊണ്ടു മാത്രമാണ് കരാറുകളിൽ ഏർപ്പെടുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-23 ശുചിമുറി സമുച്ചയങ്ങൾ പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തില്ല

ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് 20.02.2020 ലെ (കൈ) നം. 39/20/തസ്വഭവ, 06.03.2020 ലെ (കൈ) നം. 45/20/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. 27.07.2020 ലെ (സാധാ) 1401/20/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 'ടേക്ക് എ ബ്രേക്ക്' പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതയോരങ്ങളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ്, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ് എന്നിവയുടെ പരിസരങ്ങളിലുമായി ശുചിമുറി സമുച്ചയങ്ങളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനായിരുന്നു നിർദ്ദേശം. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമി വിനിയോഗം ചെയ്തു കൊണ്ടും, സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും ഉൾക്കൊള്ളിച്ചു കൊണ്ടുമുള്ള പദ്ധതികളാണ് ആവിഷ്കരിക്കേണ്ടതെന്ന് ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശുചിമുറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രണ്ട് പദ്ധതികളാണ് ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

| | |
|---|---|
| 1 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് - വെള്ളികുളങ്ങര |
| 2 | പഞ്ചായത്ത് ഓഫീസ് പരിസരത്ത് സാനിറ്ററി കോംപ്ലക്സ് നിർമ്മാണം |

### (1) ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് - വെള്ളികുളങ്ങര

ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട മൂന്ന് അങ്ങാടികളിലൊന്നായ വെള്ളികുളങ്ങരയിലുണ്ടായിരുന്ന പൊതുശൗചാലയം നവീകരിക്കുന്ന പ്രവൃത്തിയാണ് മേൽ പദ്ധതി പ്രകാരം നടപ്പിലാക്കിയത്. ഇതിനായി 2020-21 സാമ്പത്തിക വർഷം 2,50,000/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ പദ്ധതി രൂപീകരിക്കുകയും (പ്രൊജക്റ്റ് നമ്പർ 188/20-21), സ്പിൽ ഓവറായി (പ്രൊജക്റ്റ് നമ്പർ 162/21-22) 2021-22 സാമ്പത്തിക വർഷം പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കംഫർട്ട് സ്റ്റേഷൻ നവീകരണത്തിനായി ആകെ 2,44,684/- രൂപ ചെലവഴിച്ചിട്ടുണ്ട്.

'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മിക്കേണ്ടുന്ന ശുചിമുറി സമുച്ചയങ്ങളെ സ്ഥലലഭ്യതയുടെയും, ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആൾക്കാരുടെ എണ്ണത്തെയും അടിസ്ഥാനമാക്കി അടിസ്ഥാനതലം, സ്റ്റാന്റേർഡ് തലം, പ്രീമിയം തലം എന്നിങ്ങിനെ വേർതിരിച്ച് വേണം കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കേണ്ടത് എന്ന് 27.07.2020ലെ (സാധാ) 1401/20/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നവീകരിച്ച മേൽപറഞ്ഞ കംഫർട്ട് സ്റ്റേഷനിൽ സർക്കാർ ഉത്തരവിൽ വിശദമാക്കിയ പ്രകാരമുള്ള യാതൊരു സൗകര്യങ്ങളുമില്ല. കംഫർട്ട് സ്റ്റേഷനിൽ ആകെ നാല് ശുചിമുറികളാണ് ഉള്ളത്. വെള്ളികുളങ്ങര അങ്ങാടിയിൽ റോഡിനോട് ചേർന്ന് കിടക്കുന്ന അജൈവമാലിന്യ സംഭരണ കേന്ദ്രത്തിന്റെ (എം.സി.എഫ്) പിന്നിലാണ് നവീകരിച്ച കംഫർട്ട് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. റോഡിൽ നിന്ന് ശുചിമുറിസമുച്ചയത്തിലേക്ക് ഏകദേശം ഒന്നര മീറ്റർ വീതിയുള്ള ഒരു വഴി മാത്രമാണ് ഉള്ളത്.

ശുചിമുറികൾ പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകമായി വേർതിരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയായി ഒരു വർഷത്തിലേറെ കഴിഞ്ഞെങ്കിലും വൈദ്യുതീകരണം പൂർത്തിയാവാത്തത് മൂലം ശുചിമുറികൾ ഇതുവരെ പൊതുജനത്തിനായി തുറന്നു കൊടുത്തിട്ടില്ല. 2022-23 വാർഷിക പദ്ധതിയിൽ കംഫർട്ട് സ്റ്റേഷൻ വൈദ്യുതീകരണത്തിനായി സെക്രട്ടറിയുടെ നിർവ്വഹണത്തിൽ 50,000/- രൂപ വകയിരുത്തി പ്രൊജക്റ്റ് (179/22-23) രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല.

**(2) പഞ്ചായത്ത് ഓഫീസ് പരിസരത്ത് സാനിറ്ററി കോംപ്ലക്സ് നിർമ്മാണം**

ഒഞ്ചിയം ഗ്രാമപഞ്ചായത്തിനോട് തൊട്ടു ചേർന്ന് ശുചിമുറി സമുച്ചയം നിർമ്മിക്കുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. താഴെ നിലയിൽ കഫ്റ്റീരിയ, എ.ടി.എം കൗണ്ടർ, ഭിന്നശേഷിക്കാർക്കുള്ള ശുചിമുറി എന്നിവയും മുകൾ നിലയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി വെവ്വേറെ ഈരണ്ട് വീതം ശുചിമുറികളുമാണ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടത്തിലുള്ളത്. 20,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പ്രവൃത്തി തൻവർഷം പൂർത്തിയാവാത്തതിനെ തുടർന്ന് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി (SO 42/22-23) തുടരുകയായിരുന്നു. അടങ്കൽ തുകയിൽ 19,90,936/- രൂപ ചെലവഴിച്ചിട്ടും പ്രവൃത്തി പൂർത്തിയാവാത്തതിനെ തുടർന്ന് സാനിറ്ററി കോംപ്ലക്സ് പൂർത്തീകരണത്തിനായി 4,00,000/- രൂപ പൊതു വിഭാഗം വികസന ഫണ്ടും 1,00,000/- രൂപ തനതു ഫണ്ടും വകയിരുത്തി (ആകെ 5,00,000/-) 2023-24 സാമ്പത്തിക വർഷം പ്രൊജക്റ്റ് (199/23-24) ആവിഷ്കരിച്ചിട്ടുണ്ട്. സാനിറ്ററി കോംപ്ലക്സിന്റെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതീകരണം ഇതു വരെ പൂർത്തിയായിട്ടില്ല. 2022-23 വാർഷിക പദ്ധതിയിൽ വൈദ്യുതീകരണത്തിനായി സെക്രട്ടറിയുടെ നിർവ്വഹണത്തിൽ 2,00,000/- രൂപ വകയിരുത്തി പ്രൊജക്റ്റ് (181/22-23) രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല.

വെള്ളികുളങ്ങരയിലെ കംഫർട്ട് സ്റ്റേഷനും പഞ്ചായത്ത് ഓഫീസ് പരിസരത്തെ സാനിറ്ററി കോംപ്ലക്സും അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് അടിയന്തിരമായി തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-24 മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ്- ക്യാഷ് ബിൽ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം./പേര് | 155/23,<br>മത്സ്യത്തൊഴിലാളികൾക്ക് ഐസ്ബോക്സ് |
| അടങ്കൽ തുക | 70,000 രൂപ (തനത് ഫണ്ട് ) |
| ചെലവ് | 11,304 രൂപ (6054+5250)<br>(ബിൽ നം 421,422/2022-23<br>തീയതി.29.03.2023) |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഐസ്ബോക്സ് ലഭ്യമാക്കുക എന്നതായിരുന്നു മേൽ പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്തൃ വിഹിതം ഈടാക്കി മൂന്ന് മത്സ്യത്തൊഴിലാളികൾക്കാണ് പദ്ധതി പ്രകാരം ഐസ്ബോക്സ് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ മത്സ്യഫെഡ് വ്യാസ സ്റ്റോറിൽ നിന്നും ഐസ് ബോക്സ് വാങ്ങുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

എന്നാൽ ഐെസ്ബോക്സ് വാങ്ങിയതിന്റെ ക്യാഷ് ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 11,304/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഐസ്ബോക്സ് വാങ്ങിയതിന്റെ ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-25 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ് നൽകൽ- സ്പെസിഫിക്കേഷൻ പാലിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നം./പേര് | 153/23, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നൽകൽ |
| അടങ്കൽ തുക | 4,00,000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 4,00,000 രൂപ (ബിൽ നം 97/15.11.22) |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിനായാണ് മേൽ പ്രൊജക്റ്റ് രൂപീകരിച്ച് നടപ്പാക്കിയത്. അതു പ്രകാരം 12 വിദ്യാർഥികൾക്ക് കെൽട്രോൺ മുഖേന ലാപ്പ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദേശപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ലാപ്പ്ടോപ്പുകളല്ല വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാർഗ്ഗരേഖ പ്രകാരമുള്ള സ്പെസിഫിക്കേഷൻ | വാങ്ങിയ ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ |
|---|---|
| Hard Disk Drive- 512 GB SSD | Hard Disk Drive- 256 GB SSD |
| Operating System – Ubundu 20 Version | Operating System – Ubundu 18.04 |

സർക്കാർ നിർദ്ദേശപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ലാപ്പ്ടോപ്പുകൾ വാങ്ങാതിരുന്നതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-26 കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ – അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 91/21-22 |

| | |
|---|---|
| പ്രോജക്ട് | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും സ്ക്രീനും CPRCS, GEM എന്നിവ വഴി വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | 80,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ) |
| ചെലവഴിച്ച തുക | 79,208 രൂപ<br>1) ബിൽ നമ്പർ 831/2021-22 തീയതി 16.3.2022 – 44,632 രൂപ<br>2) ബിൽ നമ്പർ 875/2021-22 തീയതി 16.3.2022 – 34,576 രൂപ |

ഒഞ്ചിയം കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും, സ്ക്രീനും വാങ്ങുന്നതിനായി 2021-22 സാമ്പത്തിക വർഷം തയ്യാറാക്കി നടപ്പാക്കിയയാണ് മേൽ പ്രോജക്റ്റ്. ആയതിനായി 16.3.2022 ന് കേരള സ്റ്റേറ്റ് ഐ. ടി. മിഷന് മേൽപ്രകാരം തുക കൈമാറിയിരുന്നു. എൽ. സി. ഡി പ്രൊജക്ടറും സ്ക്രീനും ലഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചില്ല . കമ്പ്യൂട്ടർ ലഭ്യമാവാത്ത കാര്യം 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ് (ഖണ്ഡിക 1-26 കാണുക). കമ്പ്യൂട്ടർ അടിയന്തിരമായി ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-27 റിങ് കമ്പോസ്റ്റ് - സ്ഥാപനത്തിന് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകി

നിർവ്വഹണം - വി.ഇ.ഒ

പ്രൊജക്ട് നമ്പർ - 207/22-23

തുക - 2,74,185 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ സാങ്ഷൻ നമ്പർ/തിയതി - 398/28.03.23

ഗാർഹിക മാലിന്യ സംസ്കരണത്തിന് റിങ് കമ്പോസ്റ്റ് അനുവദിക്കുന്നതാണ് പ്രൊജക്ട്. പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക്, യൂണിറ്റിന് 2210 നിരക്കിൽ ക്വാട്ട് ചെയ്ത, ശുദ്ധി വേസ്റ്റ് കൺസർവേഷൻ യൂണിറ്റ് വടകര എന്ന സ്ഥാപനത്തെ റിങ് കമ്പോസ്റ്റ് സപ്ലൈ ചെയ്യുന്നതിനുള്ള ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. (പഞ്ചായത്ത് തീരുമാനം നമ്പർ 3/1 തിയതി 27.02.23) 200 യൂണിറ്റിനുള്ള തുക മേൽ സൂചിപ്പിച്ചത് പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 01.08.23 ലെ 13 നമ്പർ ബില്ല് പ്രകാരം ഒരു യൂണിറ്റിന് 2221/- രൂപ നിരക്കിൽ 200 യൂണിറ്റുകൾക്ക് 4,44,200/- രൂപയുടെ ബിൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്. ടെണ്ടറിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി (2210/- നു പകരം 2221/-) നിരക്ക് രേഖപ്പെടുത്തി ബിൽ ലഭ്യമാക്കിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല. തുക പൂർണ്ണമായും സ്ഥാപനത്തിന് അനുവദിക്കാത്തതിനാൽ, അധികമായി നൽകിയ തുക ടെണ്ടറിൽ രേഖപ്പെടുത്തിയത് പ്രകാരം അനുവദിക്കാനുള്ള തുകയിൽ ക്രമപ്പെടുത്തേണ്ടതാണ്. റിങ് കമ്പോസ്റ്റിന്റെ വിതരണം പൂർത്തിയാക്കാത്തതിനാലും മേൽ അപാകത നിലനിൽക്കുന്നതിനാലും അപാകത പരിഹരിക്കുന്നതു വരെ ചെലവു തുക 2,74,185/- തടസ്സപ്പെടുത്തുന്നു.

## 1-28 അംഗൻ വാടികളിൽ ഭക്ഷ്യധാന്യ വിതരണം - സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

തൻ വർഷം അംഗൻവാടികളിലേക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ ബിൽ പ്രകാരമുള്ളതും ആയത് സ്റ്റോക്കിലെടുത്തതും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കണ്ണൂക്കര മാവേലി സ്റ്റോറിന്റെ 1103127/22258 തിയതി 30.11.22 നമ്പർ ഇൻവോയിസ് പ്രകാരം ശബരി വെളിച്ചെണ്ണ അര ലിറ്ററിന്റെ 252 പാക്കറ്റ് (126 L) ആണ് വാങ്ങിയിട്ടുള്ളത്. (ട്രഷറി ബിൽ സാങ്ഷൻ നമ്പർ 327/17.03.23 – തുക 4,56,282/-)എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 34 പ്രകാരം സ്റ്റോക്കിലെടുത്തതും അംഗൻവാടികളിൽ വിതരണം ചെയ്തതും 86 ലിറ്ററാണ് (172 പാക്കറ്റ്).

2. ട്രഷറി ബിൽ സാങ്ഷൻ നമ്പർ 411/29.03.23 പ്രകാരം ചെലവഴിച്ച 3,55,076/- രൂപയിൽ 2,00,000/- രൂപ 110327/22305 നമ്പർ ഇൻവോയിസ് പ്രകാരം മാവേലി സ്റ്റോറിന് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, പ്രസ്തുത ബില്ലിൽ ഉൾപ്പെടാത്ത 125 കി.ഗ്രാം ശർക്കര സ്റ്റോക്കിലെടുത്ത് (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 38)വിതരണം ചെയ്തതായി കാണുന്നു.

3. ട്രഷറി ബിൽ സാങ്ഷൻ നമ്പർ 416/28.03.23 പ്രകാരം പിൻവലിച്ച 1,95,444/- രൂപയുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1,2 എന്നിവ പ്രകാരമുള്ളവയുടെ വ്യത്യാസം വ്യക്തമാക്കേണ്ടതും ക്രമ നമ്പർ 3 ൽ പരാമർശിച്ച ചെലവ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 1,95,444/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1–29 കോക്ലിയർ ഇംപ്ലാന്റേഷൻ – ഗുണഭോക്തൃ ലിസ്റ്റ്, അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ – 51/23

ചെലവു തുക – 2,00,000

ബിൽ നമ്പർ , തിയതി – 187/12.01.23

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് ഒരു ഗുണഭോക്താവിന് 50,000/- രൂപ നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ 2,00,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, തുക കൈപ്പറ്റിയതിന് സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീത്, തുക വിനിയോഗിച്ചതിന്റെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമല്ല. കോംക്ലിയാർ ഇംപ്ലാന്റേഷൻ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി റിപ്പയറിംഗ് സൗകര്യം ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 25/22-23 തിയതി 23.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 2,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1–30 ജി.ഐ.എസ് മാപ്പിംഗ് സർവ്വേ – ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കൽ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. യു.എൽ.സി.സി.എസ് സമർപ്പിച്ച 21,53,394/- രൂപയുടെ പ്രൊപ്പോസൽ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകി. ഒരു കെട്ടിടത്തിന് 110 രൂപ നിരക്കിൽ 10000 കെട്ടിടം മാപ്പിംഗ് ചെയ്യുന്നതിനും ച. കി. മീറ്ററിന് 7,000 രൂപ നിരക്കിൽ 8.33 യൂണിറ്റ് ബേസ് മാപ്പ്

ചെയ്യുന്നതിനും ഡാറ്റ കളക്ഷൻ, ഡാറ്റ അനാലിസിസ് എന്നിവ നടത്തി ജി.ഐ.എസ് അധിഷ്ഠിതമായി രേഖപ്പെടുത്തി സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്യുകയാണ് ഉദ്ദേശം. ഇതുവഴി ഗ്രാമ പഞ്ചായത്തിലെ നികുതി ചോർച്ച തടയുന്നതിനും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങൾ GIS അടിസ്ഥാനമായി രേഖപ്പെടുത്തുകയുമാണ് ലക്ഷ്യം. 2021-22, 22-23 വർഷങ്ങളിലായി ULCC സമർപ്പിച്ച ബില്ലുകൾ പ്രകാരം താഴെ കൊടുത്തിരിക്കും വിധം GIS മാപ്പിംഗിനായി 19,99,688 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് തുക | ബിൽ സാങ്ഷൻ/തീയ്യതി |
|---|---|---|
| 46/23 ജി.ഐ.എസ് മാപ്പിംഗ് | 75,376 | 297/23.02.22 |
| | 1,51,774 | 299/23/02.22 |
| | 71,127 | 246/01/02.22 |
| | 8,55,393 | 245/01/02.22 |
| | 6,46,018 | 163/24/11/21 |
| | 2,00,000 | 106/18/11/22 |
| ആകെ | 19,99,688 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിനിർവഹണത്തിൽ ഐ. കെ. എം. സൂപ്പർവിഷൻ ലഭ്യമാക്കിയില്ല.

24.10.19 ലെ ജി.ഓ (സാധാ) 2556 /18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഒഞ്ചിയം ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വിവരശേഖരണത്തിനായി ULCC യെ തെരഞ്ഞെടുത്തത്. ഉത്തരവ് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവിഷനിൽ നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഐ.കെ.എം ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തി തുടങ്ങുന്നതിനു മുൻപോ പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടത്തിലോ ഐ.കെ.എം ന്റെ സൂപ്പർവിഷൻ ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതായുള്ള വിവരം ഫയൽ പ്രകാരം ലഭ്യമല്ല. ഉത്തരവ് പ്രകാരം യു.എൽ.സി.സിയുടെ പ്രവൃത്തികൾ സർക്കാർ മാനദണ്ഡ പ്രകാരം ആണോ എന്ന് ഐ.കെ.എം സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

2. ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് പ്രവൃത്തി നടത്തിയിട്ടില്ല.

ഉത്തരവ് പ്രകാരം ഐ.കെ.എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ. എഗ്രിമെന്റ് പ്രകാരം ഡാറ്റാ ഇന്റഗ്രേഷനു കൂടിയുള്ള പണമാണ് ULCCക്ക് നൽകിയിരിക്കുന്നത്. നിലവിൽ പ്രൊപ്പോസൽ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് നിലവിൽ ഉപയോഗിക്കുന്ന ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ല.

3. ബിൽ തുകയിൽ നിന്നും ഇൻകം ടാക്സ് കുറവ് ചെയ്തില്ല.

മേൽ പട്ടികയിൽ രണ്ടാമതായി സൂചിപ്പിച്ച 1,51,774/- രൂപ ULCC യ്ക്ക് നൽകിയപ്പോൾ ഇൻകം ടാക്സ് കുറവ് ചെയ്തില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 21/22-23 തിയതി 23.11.23) ഡേറ്റ ഐ.കെ.എം.

സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും പ്രസ്തുത ഡാറ്റ ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതുമാണ്. അതുവരെ 2022-23 വർഷത്തെ ചെലവ് തുക 2,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-31 ലൈഫ് ഭവന പദ്ധതി- അനുവദിക്കാത്ത വായ്പ തുകയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുന്നു.**

ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയ്ക്കായി വായ്പാ തുകയ്ക്ക് അപേക്ഷിക്കുകയോ ലോൺ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ, ബഡ്ജറ്റ് വിഹിതത്തിൽ വികസന ഫണ്ടിന്റെ യഥാക്രമം രണ്ടും മൂന്നും, ഒന്നും രണ്ടും ഗഡു തുക അനുവദിച്ചതിൽ നിന്നും ലൈഫ് ഭവന പദ്ധതിയ്ക്കായി അനുവദിച്ച വായ്പയുടെ മുതൽ തുക തിരിച്ചടവായി ചുവടെ കൊടുക്കും പ്രകാരം പൊതു വിഭാഗത്തിൽ നിന്നും ആകെ **3,48,744**/- രൂപയും എസ്.സി.പി.യിൽ നിന്നും **1,85,996**/- രൂപയും വായ്പാ മുതൽ തിരിച്ചടവായി വികസന ഫണ്ടിന്റെ ഗഡുക്കളിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്.

| അലോട്ട് മെന്റ് ഉത്തരവ് നമ്പർ, തിയതി | വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് കുറവ് ചെയ്ത തുക | വികസന ഫണ്ട് പട്ടികജാതി വിഭാഗത്തിൽ കുറവ് ചെയ്ത തുക | ആകെ |
|---|---|---|---|
| സ.ഉ (സാധാ)നം.6872/22 /ഫിൻ/ തിയതി 12.10.22 (2022-23 രണ്ടാം ഗഡു) | 1,04,623 | 55,799 | 1,60,422 |
| സ.ഉ (സാധാ)നം.1049/23 /ഫിൻ/ തിയതി 13.02.23 (2022-23 മൂന്നാം ഗഡു) | 1,04,623 | 55,799 | 1,60,422 |
| സ.ഉ (സാധാ)നം.3113/23 /ഫിൻ/ തിയതി 19.04.23 (2023-24 ഒന്നാം ഗഡു) | 69,749 | 37,199 | 1,06,948 |
| സ.ഉ (സാധാ)നം. | 69,749 | 37,199 | 1,06,948 |

| | | | |
|---|---|---|---|
| 5367/23/ഫിൻ/ തിയതി 29.07.23 (2023-24 രണ്ടാം ഗഡു) | | | |
| **ആകെ** | **3,48,744** | **1,85,996** | **5,34,740** |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വിഹിതത്തിൽ നിന്നും ഇപ്രകാരം തെറ്റായി തുക കുറവ് ചെയ്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28.10.23 ന്, Sc2- 3250/22 നമ്പറായി തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയരക്ടർക്കയച്ച കത്തിന് മറുപടിയായി, ഓരോ ഉത്തരവ് പ്രകാരവും എത്ര രൂപ വീതമാണ് പ്ലാൻ ജനറൽ, എസ്.സി.പി ഫണ്ടുകളിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് എന്നത് വേർതിരിച്ച് വ്യക്തമാക്കിയിട്ടില്ല എന്നും തെറ്റായി കുറവ് ചെയ്ത തുകകൾ റീ അലോക്കേറ്റ് ചെയ്ത് ലഭിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് സഹിതം നിശ്ചിത പൊഫോർമയിൽ സമർപ്പിക്കാൻ നിർദ്ദശിച്ചെങ്കിലും ഇതുവരെ നിർദ്ദേശിച്ച രീതിയിൽ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടില്ല. തെറ്റായി കുറവ് ചെയ്ത ഫണ്ടുകൾ റീ അലോക്കേറ്റ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-32 ക്ഷേമപെൻഷൻ - അനർഹരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിവിലില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ ,അവരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകരമായ തരത്തിൽ ഒരു സംവിധാനം സ്ഥാപനത്തിൽ നിലവിലില്ല. പെൻഷൻ റദ്ദ് ചെയ്യാനായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നില്ല. ഉദാഹരണത്തിന് 27.7.23 ന് മരണപ്പെട്ട ചന്ദ്രി എന്ന വ്യക്തിയുടെ (പെൻഷൻ ഐ.ഡി 109970600543 ) പെൻഷൻ സസ്പെന്റ് ചെയ്യാൻ അപേക്ഷ നൽകി എങ്കിലും നിലവിലും അക്കൌണ്ട് ആക്ടീവ് ആണ്.

വാർഡ് മെമ്പർമാർ, ആശാവർക്കർമാർ എന്നിവർ അറിയിക്കുന്നമുറയക്ക് മരണ വിവരം ഉറപ്പുവരുത്തി അത്തരം ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തു വരുന്നതായി ബന്ധപ്പെട്ട സെക്ഷന് ക്ലെർക്ക് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മരണവിവരം സമയബന്ധിതമായി സ്ഥാപനത്തിൽ ലഭിക്കുന്നതിനും മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം അറിയുന്നതിനും ഈ സംവിധാനം പൂർണ്ണമായും സഹായകരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ആധികാരികമായി ഒരു റിപ്പോർട്ട് എന്ന തരത്തിൽ ഈ വിവരങ്ങൾ ലഭിക്കുന്നുമില്ല. മരണപ്പെട്ടവർക്ക് അവരുടെ മരണ ശേഷം തുടർന്നും പെൻഷൻ വിതരണം ചെയ്യുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടാകാം. പെൻഷൻ ഇനത്തിൽ വൻ ബാധ്യതയാണ് നിലവിൽ സംസ്ഥാനസർക്കാറിനുള്ളതെന്ന കാര്യം ഇവിടെ പ്രസക്തമാണ്.

അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്കോ, മരണപ്പെട്ടവരുടെ കാര്യത്തിൽ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം ആയത് പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

അംഗൻവാടി ടീച്ചർമാർ മുഖേന ഐ സി ഡി എസ് സൂപ്പർവൈസർ ശേഖരിക്കുന്ന മരണപ്പെട്ടവരുടെ വിവരം, പെൻഷൻ വിവരങ്ങൾ കാലികമാക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17.11.2023 , 18.11.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 21,60,000 | ലൈഫ് ഹൌസ് ജനറൽ - ഫിഷറീസ് | 21,60,000 | 0 |
| വടകര ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2,00,000 | 0 |
| വടകര ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,63,600 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 2,63,600 | 0 |
| വടകര ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 | |
| വടകര ജില്ലാ പഞ്ചായത്ത് | 2022-23 | 1,66,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,66,000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2022-23 | 31,00,000 | ലൈഫ് ഹൌസ് ജനറൽ - ഫിഷറീസ് | 31,00,000 | 0 |
| കോഴിക്കോട് ജില്ലാ | 2022-23 | 43,593 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 43,593 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സബ്സിഡി | | |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

- ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയവയിൽ വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തവയുടെ വിവരം താഴെ ചേർക്കുന്നു (ഖണ്ഡിക 1-19 കൂടി കാണുക)

| ക്രമനം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | മൊയിലോത്ത് കുളം പരിഷ്കരണം | 175/23 | 4,40,000 | 0 | 4,40,000 |
| 2 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ആയുർവേദ ഡിസ്പെൻസറി | 289/23 | 2,60,000 | 0 | 2,60,000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

- ഇല്ല -

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30,00,000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | സർട്ടിഫിക്കറ്റ് നം. |
|---|---|---|
| ഒഞ്ചിയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (തീയതി.31.03.2022) | 10,00,000 | 103010012946 |
| ഊരാളുങ്കൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (തീയതി.31.03.2022) | 20,00,000 | 103010038058 |
| ആകെ | 30,00,000 | |

## 4-7 ഓഡിറ്റ് റിക്കവറി

.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2(6) | 250 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1220900072/ 19.07.22 |
| 2018-19 | 1(9) | 480 | സി.എസ് ഫർണ്ണീച്ചർ | 1220900637/ 17.09.22 |
| 2018-19 | 1(9) | 720 | കോമത്ത് ഫർണ്ണീച്ചർ | 1220900638/ 17.09.22 |
| 2018-19 | 1(9) | 480 | കൈരളി വുഡ് ഫർണ്ണീച്ചർ | 1220900639/ 17.09.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-2002 | 11.9 | കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും ക്രമക്കേടും ധനനഷ്ടവും | സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലാത്തതിനാൽ നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ശുപാർശ |
| 2001-02 | 1(1) | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചില്ല | നിലനിൽക്കുന്നു |
| 2001-02 | | 2004-05 | 11.1.3.46 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 6,22,34,180 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 4,40,53,638 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,03,763 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | - ഇല്ല - | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,40,000 | ശ്രീമതി ഷീന.സി.എം,<br>അസി.എഞ്ചിനീയർ |
| 1-20 | 12,82,830 | ശ്രീമതി ഷീന.സി.എം,<br>അസി.എഞ്ചിനീയർ |
| 1-24 | 11,304 | ശ്രീ ബാബു,<br>ഫിഷറീസ് ഇൻസ്പെക്ടർ |
| 1-27 | 2,74,185 | ശ്രീ മഹേഷ്, |

| | | |
|---|---|---|
| | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-28 | 1,95,444 | ശ്രീമതി നൂർജഹാൻ.പി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 2,00,000 | ശ്രീമതി നൂർജഹാൻ.പി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-30 | 2,00,000 | ശ്രീ എം.പി രജ്ജുലാൽ,<br>സെക്രട്ടറി |
| ആകെ | 26,03,763 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

- ഇല്ല -

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

- ഇല്ല -

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീഎം.പി രജ്ജുലാൽ,<br>സെക്രട്ടറി | സെക്രട്ടറി,<br>ഒഞ്ചിയം<br>ഗ്രാമപഞ്ചായത്ത് | ശ്രീനികേതം,<br>കീഴൽ പി.ഒ,<br>വടകര |
| ശ്രീമതി<br>ഷീന.സി.എം,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>ചോറോട്<br>ഗ്രാമപഞ്ചായത്ത് | ചാത്തോത്ത് മീത്തൽ,<br>പാലയാട്, വടകര |
| ശ്രീമതി<br>നൂർജഹാൻ.പി,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | അഡീഷണൽ സി.പി.ഒ<br>തിരുവാരം,<br>മലപ്പുറം | നിമ,<br>ഇയ്യാലിക്കുന്ന്,<br>ഒളവണ്ണ പി.ഒ,<br>കോഴിക്കോട്- |

| | | |
|---|---|---|
| | | 673019 |
| ശ്രീ മഹേഷ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഒഞ്ചിയം | നീതം, ചോമ്പാൽ, വടകര |
| ശ്രീ ബാബു, ഫിഷറീസ് ഇൻസ്പെക്ടർ | ഫീഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് ഓഫീസ്, വടകര | ലഭ്യമാക്കിയിട്ടില്ല # |

(# ഫിഷറീസ് ഇൻസ്പെക്ടർ ശ്രീ ബാബുവിന്റെ സ്ഥിരം മേൽവിലാസം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(5)/ 11.04.2023 | 1 | 31 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി /പി5/ 1419/04/ 05.09.2005 | 11 | 2,6, 2-2 , 2(3), 2(4), 2(5), 3(1), 3(2), 4(8),4(9),4(12),4(15) |
| 2001-02 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി /എസ്.2/ 1236/2003/ 23.12.2003 | 2 | 3,4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(14)/ 17.04.2023 | 12 | 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15,3-16, 3-17,4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(15)/ 17.04.2023 | 2 | 3(3),3(5) |

| | | | |
|---|---|---|---|
| | | | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(16)<br>/17.04.2023 | 5 | 2-1,2-3(2) ,3(12),<br>3(13), 3(14) |
| 2010-11,<br>2011-12 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(17)<br>/17.04.2023 | 10 | 3-5,3-12, 3-14,<br>3-15,3-16, 3-17,<br>3-18, 3-19,3-21, 3-26 |
| 2012-13,<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(18)/<br>17.04.2023 | 9 | 3-3, 3-9, 3-10(3),<br>3-11, 3-12, 3-14,<br>3-16,4-1,4-3 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(19)/<br>17.04.2023 | 2 | 2-1, 3-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(20) തീ –<br>17.04.2023 | 5 | 2-1,2-4,3-1,<br>3-2, 3-6 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(21) /<br>17.04.2023 | 8 | 2-5(5,6,7), 2-6,<br>3-1,3-2,<br>3-4, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(22) /<br>17.04.2023 | 17 | 1-10(7), 1-12(3),<br>1-12(4),<br>1-12(5),1-12(7),<br>1-12(8),<br>3-1, 3-4,3-7, 3-8-1,<br>3-8-3, 3-8-4, 3-8-5,<br>3-11-1, 3-11-2,<br>3-13,4-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(23) /<br>17.04.2023 | 1 | 1-8 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/360/2022 /<br>17.3.2022 | 10 | 1-2-1(5), 1-2-1(14),<br>(15),1-11(1),1-11(2),<br>1-11(3), 1-12(2),<br>1-12(3), 1-16, 1-18 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1656/2023 /<br>14.11.2023 | 13 | 1-1, 1-2(1,2,4,5,6),<br>1-10,1-11, 1-12,<br>1-13, 1-15, 1-16(2),<br>1-18,1-23, 1-26,<br>1-28,1-30 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/687/2023<br>/18.05.2023 | 28 | 1-2-1,1-4,1-4-1,<br>1-5,1-9,1-10,<br>1-11,1-12,1-13,1-14,<br>1-15,1-16,1-17,<br>1-18,1-19,1-20,1-21,<br>1-22,1-23,1-24,1-25,<br>1-26,1-27,1-28,1-29,<br>1-30,1-31,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1/2023 dated 11-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Onchiyam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, due to the material and pervasive insufficiencies in obtaining audit evidence, attributable to the faulty maintenance of accounting records, as pointed out in the appended report, it is not possible to express an opinion whether the annual financial statements give a true and fair view of the Receipts and Payments, Income and Expenditure (Deficit or Surplus) and the position of Assets and Liabilities Onchiyam Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Onchiyam Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Mandatory financial statements-Basic ratios, note to accounts are not submitted.
2.Cash flow statement- Net increae/decrease in cash flow donot match with difference between opening balance and closing balance.
3.No timely demand entry eg:- Property tax,profession tax
4. Closing value of store is not calculated
5.The amount given as Mobilisation advance is not included in AFS
6.Worksheet for the calculation of depreciation is not prepared
7.Closing balance of CFC as per schedule B4 is not match with that of schedule B17.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്